"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വിജിലൻസ് വിംഗ്- സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും പൊതുഭരണ അക്കൗണ്ട്സ് വകുപ്പിലെ '2052-Secretariat General Service' എന്ന ശീർഷകത്തിൽ നിന്നും നൽകി വരുന്നത് മാറ്റി '2217' മേജർ ഹെഡിൽ ഉൾപ്പെടുത്തി പുതിയ ശീർഷകം തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(കൈ) നം.96/2025/LSGD തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-
1. സ.ഉ(എം.എസ്) നം. 200/80/LA&SWD തീയതി. 16.08.1980
2. സ.ഉ(എം.എസ്) നം. 268/2013/LSGD തീയതി. 27.07.2013
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 15/05/2023 തീയതിയിലെ CTPVIG/479/23 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ ആഭ്യന്തര പരിശോധനാ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കണം എന്ന ഉദ്ദേശത്തോടുകൂടി ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പൊതുഭരണ വകുപ്പിനോട് അറ്റാച്ച് ചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായി പരാമർശം ( 1 ) പ്രകാരം ഒരു വിജിലൻസ് വിഭാഗം രൂപീകരിച്ചിരുന്നു. 1980-ലെ ഇനം:621 നമ്പർ മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. പൊതുഭരണ വകുപ്പിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു ഡെപ്യൂട്ടി സെക്രട്ടറി , ഒരു സീനിയർ ടൗൺ പ്ലാനർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ ഉൾപ്പെടുത്തി രൂപീകരിച്ച തദ്ദേശ സ്വയംഭരണ വകുപ്പ്(വിജിലൻസ് സെൽ) -ന്റെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പുതിയ ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നിർദ്ദേശം പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിന് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത വിഭാഗത്തിന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളുമെല്ലാം കൈകാര്യം ചെയ്യുന്നത് പൊതുഭരണ (ബഡ്ജറ്റ്) വിഭാഗത്തിൽ നിക്ഷിപ്തമാവുകയും, ആയത് ഗവൺമെന്റ് സെക്രട്ടേറിയേറ്റിന്റെ

മെയിൻ ഹെഡായ '2052'-ൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യപ്പെടുകയുമുണ്ടായി.

2. തുടർന്ന്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം വിജിലൻസ് വിംഗ് വിപുലീകരിക്കുകയും പുതിയ തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. എന്നാൽ കാലക്രമത്തിൽ പ്രസ്തുത വിഭാഗം ഗവ.സെക്രട്ടേറിയറ്റിൽ നിന്നും മാറ്റപ്പെടുകയും വകുപ്പ് തലവന്റെ ഓഫീസിലേയ്ക്ക് പ്രവർത്തനം കേന്ദ്രീകരിക്കുകയുമുണ്ടായി. എന്നാൽ പ്രസ്തുത വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളമടക്കമുള്ള നിയന്ത്രണ സംവിധാനം പൊതുഭരണ വകുപ്പിൽ തന്നെ തുടരുകയാണുണ്ടായത്. ഇത് പ്രായോഗികമായി ഒട്ടേറെ ഭരണപരമായ അസൗകര്യങ്ങൾക്കിടയാക്കുന്നതിനാൽ ഈ വിഷയം പരിഹിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരാമർശം ( 3 ) പ്രകാരം പ്രൊപ്പോസൽ സമർപ്പിയ്ക്കുകയുണ്ടായി.

3. വസ്തുതകൾ പരിശോധിച്ചതിൽ പരാമർശ വിഭാഗം രൂപീകരിച്ച സാഹചര്യമല്ല ആയതുമായി ബന്ധപ്പെട്ട് നിലവിൽ നിലനിൽക്കുന്നത് എന്ന് സർക്കാർ കാണുകയുണ്ടായി. രൂപീകരണഘട്ടത്തിൽ സർക്കാരിന്റെ ഭാഗമായി തന്നെ നിലനിർത്താനും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ, ഗവ.സെക്രട്ടറിയറ്റിൽ തന്നെ ആസ്ഥാനമായി പ്രവർത്തിക്കാനുമായിരുന്നു ടി വിഭാഗത്തെ വിഭാവനം ചെയ്തിരുന്നത്. അങ്ങനെ തന്നെയാണ് ഇവ പ്രവർത്തിച്ചിരുന്നതും. എന്നാൽ കാലക്രമത്തിൽ ഇവയുടെ വിപുലീകരണത്തെ തുടർന്നും മറ്റനുബന്ധകാരണങ്ങളാലുമാണ് ഇവയുടെ പ്രവർത്തനം വകുപ്പ് തലവന്റെ ഓഫീസ് കേന്ദ്രീകരിച്ചായിട്ടുള്ളത്. അപ്പോഴും ഇവരുടെ ശമ്പളവും അനുബന്ധകാര്യങ്ങളും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ തന്നെ തുടർന്നു വരുകയാണുണ്ടായത്. ഈ രീതിയാണ് ഈ വിഭാഗത്തിലെ ജീവനക്കാർക്കും പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനത്തിനും ഒരുപോലെ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുള്ളത്. ഈയൊരു പശ്ചാത്തലത്തിലാണ് നിലവിലെ രീതി മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മെയിൻ ഹെഡായ '2217' ൽ ഒരു ശീർഷകം തുടങ്ങാൻ അനുമതി നൽകി പ്രശ്ന പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നിലവിൽ സെക്രട്ടേറിയേറ്റ് ജനറൽ

സർവ്വീസിൽ വരുന്ന '2052' ഹെഡിൽ ഓപ്പറേറ്റ് ചെയ്യപ്പെടുന്ന പരാമർശ വിഷയം മേൽഹെഡിൽ നിന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ '2217' മേജർ ഹെഡിലേക്ക് മാറ്റി, തദ്ദേശ സ്വയംഭരണ വകുപ്പിലെ ഗവ.സെക്രട്ടറിയെ CCO ആയും, ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറിയെ SCO ആയും, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) DDO ആയുമുള്ള ഒരു ക്രമീകരണം ആണ് ചീഫ് ടൗൺ പ്ലാനർ വിജിലൻസ് സമർപ്പിച്ചിട്ടുള്ളത്. മേൽ പ്രൊപ്പോസലിൻമേൽ സർക്കാർ വിശദമായ പരിശോധന നടത്തുകയും പൊതുഭരണ, ധനകാര്യ വകുപ്പ് എന്നിവയുമായി കൂടിയാലോചന നടത്തുകയുമുണ്ടായി. മേൽ നിർദ്ദേശത്തോട് തത്വത്തിൽ യോജിപ്പ് അറിയിച്ചുകൊണ്ട്, നിലവിലുള്ള രീതി ഒരു മന്ത്രിസഭായോഗ തീരുമാന പ്രകാരം എടുത്തതാകയാൽ ആയതിൽ വരുത്തുന്ന മാറ്റം മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിന് വിധേയമായിരിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുകയും നിർദ്ദേശം അംഗീകരിക്കപ്പെടുകയുമുണ്ടായി.

5. മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും നിലവിൽ കൈകാര്യം ചെയ്യപ്പെടുന്ന ഗവ.സെക്രട്ടറിയറ്റ് ജനറൽ സർവ്വീസ് '2052-00-092-96 ഹെഡിൽ' നിന്ന് മാറ്റി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേജർ ഹെഡ്'2217'-മേജർ ഹെഡിൽ ഉൾപ്പെടുത്തി തദ്ദേശ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി CCO ആയും, ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറി SCO ആയും , വകുപ്പ് തലവനായ ചീഫ് ടൗൺ പ്ലനർ (വിജിലൻസ്) DDO ആയുമുള്ള ഒരു ക്രമീകരണം ചെയ്ത് പുതിയൊരു ശീർഷകം തുടങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ധനകാര്യവകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2. ചീഫ് ടൗൺ പ്ലാനർ, വിജിലൻസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), തിരുവനന്തപുരം

4. പൊതുഭരണ(ബഡ്ജറ്റ് വിംഗ്) വകുപ്പ് (Vide UO note No. BW1/20/2023/ GAD തീയതി 19.11.2024)

5.പൊതുഭരണ (എസ്.സി) വകുപ്പ്

6. ധനകാര്യ (BW) വകുപ്പ് (Vide file No. BW-D1/272/2024/Fin തീയതി.30.11.2024)

7.ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

8. വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

9.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

10.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi P
സെക്ഷൻ ഓഫീസർ
Date: 10-06-2025 13:42:19